എമ്മാവൂസ്

# വചനദൂത്



## സഹനപുത്രി അൽഫോൻസാമ്മ

**ജൂലൈ 28**

ഫാ. ഷിബു കുമ്പക്കാട്ട്

"വസ്ത്രത്തിന്റെ അരികുകൾ വരെ ഒഴുകിയിറങ്ങുന്ന ദൈവാഭിഷേകത്തിന്റെ ശക്തിയാർജ്ജിക്കുക" ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളാണിവ. സഹന കടൽ നീന്തി ദൈവാഭിഷേകത്തിന്റെ ശക്തി കേരള ജനതക്ക് പകർന്ന് കൊടുത്ത വി. അൽഫോൻസാമ്മയുടെ ദീപ്തമായ ഓർമ്മകൾക്ക് മുമ്പിലാണ് നാം. ഈ പ്രപഞ്ചം എല്ലാവർക്കും ഓരോ നിയോഗങ്ങൾ കോറിയിട്ടിട്ടുണ്ട് എന്ന് നാം പറയാറുണ്ട്. വി. അൽഫോൻസാമ്മയുടെ നിയോഗവും ഇതായിരുന്നു – സഹനത്തിലൂടെ ക്രിസ്തുവിന് സാക്ഷിയാവുക. സാക്ഷ്യജീവിതത്തിന്റെ നൈർമല്യവും, സഹനജീവിതത്തിന്റെ വിശുദ്ധിയും ലളിത ജീവിതത്തിന്റെ സൗന്ദര്യവും എത്ര മനോഹരമായിട്ടാണ് വി. അൽഫോൻസാമ്മയുടെ ജീവിതത്തിൽ എഴുതിച്ചേർത്തിരിക്കുന്നത്.

ഓർമ്മ തെളിച്ച കാലം തൊട്ടേ ക്രിസ്തുവിന്റെ വഴിയിലൂടെ പാദം വച്ച് നീങ്ങിയ ആ കാൽപാദങ്ങൾ അനേകർക്ക് ക്രിസ്തുവിലേക്കുള്ള വഴി കാണിച്ച് കൊടുത്തു. ഈ ഭൂമിയിലെ 36 വർഷത്തെ ജീവിതം കൊണ്ട് ജീവിതമെന്നത് എത്ര മനോഹരമാണെന്ന് സഹനങ്ങൾ എത്ര മധുരതരമാണെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിച്ചു. സഹനങ്ങൾക്ക് പിന്നിൽ ചില ദൈവീക കാരണങ്ങളുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് വി. അൽഫോൻസാമ്മയുടെ ജീവിതം. അതുകൊണ്ടാണ് നിസ്സാരയായ ഈ കന്യാസ്ത്രീയുടെ കല്ലറയിൽ പുഷ്പങ്ങളും മെഴുകുതിരികളും ഇന്നും നിറഞ്ഞ് നിൽക്കുന്നത്. കുരിശെടുക്കുക എന്ന സമർപ്പണമൊഴികൾക്ക് പ്രാണന്റെ പിൻബലം നൽകിയ അൽഫോൻസാമ്മ ഇന്നും സഹനവഴികളിലൂടെ സഞ്ചരിക്കുന്നവർക്ക് ഒരു വഴിവിളക്കാണ്.

വെറും മുപ്പത്തിയാറു കൊല്ലത്തെ ജീവിതം. അസാധാരണമായതൊന്നും ആ മുപ്പത്തിയാറു കൊല്ലത്തിൽ സംഭവിച്ചില്ല. പുറം ലോകമറിയുന്ന

തരത്തിലുള്ള യാതൊന്നും ആ കന്യാസ്ത്രീ ചെയ്തില്ല. പക്ഷേ അവൾ ഹൃദയം തുറന്ന് സ്നേഹിച്ചു. സഹനത്തിന്റെ മലമുകളിലേക്ക് പരിഭവങ്ങളില്ലാതെ അവൾ നടന്ന് കയറി. അത്ര തീവ്രമായിരുന്നു ആ സഹനം. സഹനബലിയായിരുന്നു അവളുടെ ജീവിതം. സ്നേഹിച്ചും സഹിച്ചും തളർന്ന് എരിഞ്ഞെരിഞ്ഞ് ഒരു നാൾ ആ ജീവിതം പൊലിഞ്ഞു. പക്ഷെ സർവ്വശക്തൻ അവളെ തന്റെ ചിറകിനു കീഴെ താഴ്മയോടെ നിർത്തി, അവളെ തക്ക സമയത്ത് ഉയർത്തി (പത്രോസ് 5,6). ഇന്നും ആ വിശുദ്ധിയുടെ സ്നേഹപ്രവാഹം അനേകം ഹൃദയങ്ങളിലേക്കൊഴുകുന്നു. ജീവിത സഹനങ്ങളിൽ ഉത്തരമില്ലാതെ നെഞ്ച് പിടയുമ്പോൾ ഈ പുണ്യവതിയുടെ പാഠശാലയിലേക്ക് പോകാം.

ഇന്ന് കത്തോലിക്കാ സഭ സഹനങ്ങളിലൂടെ കടന്ന് പോവുകയാണ്. വിശ്വാസ ജീവിതത്തെ വ്രണപ്പെടുത്തുന്ന വാർത്തകളും സംഭവങ്ങളും മാധ്യമങ്ങൾ ആവേശത്തോടെ അവതരിപ്പിക്കുമ്പോൾ നമുക്ക് ഓർക്കാം സഹനജീവിതത്തിലൂടെ ഉയർത്തെഴുന്നേറ്റതാണ് സഭ. ദൈവം ഓരോ കാലത്തിലും ആ കാലഘട്ടത്തിന് യോജിച്ച വിശുദ്ധരെ തരുമെന്ന് പറയാറുണ്ട്. ഇന്ന് സഭ സഹനങ്ങളുടെ മദ്ധ്യേ കടന്ന് പോകുമ്പോൾ ഈ പുണ്യവതി നമുക്ക് വഴികാട്ടിയാണ്. സുവിശേഷ പ്രഘോഷണത്തിന് വാക്കുകളെക്കാൾ ജീവിതമാണ് യോജിച്ചതെന്ന് അവൾ മനസ്സിലാക്കി തന്നു.

സഹനങ്ങളിൽ പുലർത്തേണ്ട മനോഭാവങ്ങളെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ ചിത്രം ബൈബിൾ തുറന്ന് കാണിക്കുന്നുണ്ട്. ജീവിതത്തിന്റെ ഏറ്റവും കയ്പ്പേറിയ അനുഭവത്തിലേക്ക് സ്തോത്രഗീതം പാടികൊണ്ട് യാത്രയാക്കുന്ന ഈശോ. വി. അൽഫോൻസാമ്മയുടെ ജീവിതവും ഇത്തരമൊരു ആഹ്വാനത്തിന്റെ പ്രത്യുത്തരമാണ്. സഹനങ്ങൾ വല്ലാതെ പിൻതുടർന്നപ്പോഴും പ്രതിസന്ധികളിലൂടെ നടന്ന് നീങ്ങിയപ്പോഴും അധരങ്ങളിൽ ദൈവസ്തുതിയുടെ സങ്കീർത്തനങ്ങൾ കാത്തുവയ്ക്കുവാൻ അവൾക്ക് സാധിച്ചു. സഹനവഴികളിലൂടെ ജീവിതത്തെ കരുപിടിപ്പിക്കുവാൻ പാടുപെടുന്നവർക്ക് അൽഫോൻസാമ്മയുടെ ജീവിതം ഒരു ഉത്തരമാണ്. ജീവിതത്തെ കുറച്ചുകൂടി സ്നേഹിക്കാനുള്ള കരുത്താണ് ജീവിത സഹനങ്ങളിലൂടെ അൽഫോൻസാമ്മ കാണിച്ചു തന്നത്. നമ്മെ സ്നേഹിക്കുന്ന നല്ല ദൈവത്തിന് നന്ദി പറഞ്ഞ് ഈ പുണ്യവതിയെപ്പോലെ വിശ്വാസത്തിലേക്ക് പറന്നുയരാം. ◆

